**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIII

## (SUBJECT COMMITTEE XIII)

**സാമൂഹ്യസേവനം**

**(SOCIAL SERVICES)**

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2011 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2011)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business
in the Kerala Legislative Assembly]

2011 ഒക്.ടോബ.ർ 17.-ാം തീയതി സമർപ്പിച്ചത്

(Presented on 17th October 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2011 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2011)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of Business in the Kerala Legislative Assembly]

806/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 17 |

# സബ്ജക്റ്റ് കമ്മിറ്റി XIII

## സാമൂഹ്യസേവനം

## (2011-13)

### ഘടന

ചെയർമാൻ :

ഡോ. എം. കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. പി. അനിൽകുമാർ
പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. കെ. എൻ. എ. ഖാദർ
ശ്രീ. റ്റി. യു. കുരുവിള
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. ആർ. രാജേഷ്
ശ്രീമതി കെ. എസ്. സലീഖ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2010 ജൂലൈ 1 മുതൽ 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരം ഞാൻ സമർപ്പിക്കുന്നു.

2010 ഏപ്രിൽ 8-ാം തീയതിയിലെ 4832/ലെജിൻ2/09/ലെജി. നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരം നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232-ാം ചട്ടം ഭേദഗതി ചെയ്യുകയും അതിൻപ്രകാരം സബ്ജക്ട് കമ്മിറ്റികളുടെ എണ്ണം 10-ൽനിന്നും 14 ആയി പുനഃസംഘടിപ്പിക്കുകയും ഉണ്ടായി. അപ്രകാരം 28-6-2010-ന് പുനഃസംഘടിപ്പിക്കപ്പെട്ട 2010-11 കാലയളവിലേക്കുള്ള സബ്ജക്ട് കമ്മിറ്റി XIII, 2010 ജൂൺ 28-ാം തീയതിയിലെ 669-ാം നമ്പർ ബുള്ളറ്റിൻ, ഭാഗം-2 പ്രകാരം നിലവിൽവന്നു. പ്രസ്തുത സമിതിയിൽ പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ ചെയർമാനും, ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എക്സ് ഒഫീഷ്യോ അംഗവും സർവ്വശ്രീ. കെ. അജിത്, എ. പി. അനിൽകുമാർ, വി. ചെന്താമരാക്ഷൻ, കെ. കുഞ്ഞിരാമൻ, കെ. സി. കുഞ്ഞിരാമൻ, ടി. പി. കുഞ്ഞുണ്ണി, എം. കെ. പ്രേംനാഥ്, ആർ. സെൽവരാജ്, യു. സി. രാമൻ എന്നിവർ അംഗങ്ങളുമായിരുന്നു. 2011 മേയ് 14-ാം തീയതി നിയമസഭ പിരിച്ചുവിടുന്നതുവരെ പ്രസ്തുത സമിതി തുടരുകയുണ്ടായി.

സബ്ജക്ട് കമ്മിറ്റി XIII, 2010 ജൂലൈ 1 മുതൽ 2011 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി ഒരു യോഗം ചേരുകയുണ്ടായി. 24-11-2010-ൽ ചേർന്ന പ്രസ്തുത യോഗത്തിൽ സമിതിയുടെ അംഗീകാരത്തിന് ലഭ്യമായ കരട് ചട്ടം, എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സാമൂഹ്യസേവനം സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെട്ടിരുന്ന സബ്ജക്ട് കമ്മിറ്റി VI-ന്റെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ എന്നിവ പരിഗണിക്കുകയുണ്ടായി. യോഗത്തിലെ ഹാജർനില 55% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാംഭാഗത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങളുടെ വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2011 ആഗസ്റ്റ് 19-ാംതീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, ഡോ. എം. കെ. മുനീർ,
തിരുവനന്തപുരം, *ചെയർമാൻ,*
2011 ഒക്.ടോബ.ർ *സബ്ജക്ട് കമ്മിറ്റി XIII.*

# റിപ്പോർട്ട്

## ഭാഗം I

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികൾ സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഒന്നാമത് റിപ്പോർട്ട് (2001-2002)**

ശുപാർശ നമ്പർ 71

അപ്രതീക്ഷിത ചെലവുകൾ

ആദിവാസി മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് അടിയന്തിര സഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ആദിവാസി മേഖലകളിലെയും ജനങ്ങൾക്ക് അടിയന്തിര സഹായങ്ങൾ നൽകുന്നതിന് ഈയിനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഞ്ചിതനിധിയായി 2001-02 വർഷം 164.11 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 111.11 ലക്ഷം രൂപ ആകസ്മിക ചെലവുകൾക്കായുള്ള പ്രത്യേക നിധിക്കുവേണ്ടി 18-9-2001-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) 38/2001/പ്ലാനിംഗ് പ്രകാരം നീക്കിവച്ചിരുന്നു.

ശുപാർശ നമ്പർ 73

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി അനുവദിക്കുന്ന തുക ലാപ്സാക്കുന്നതു തടയുക

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി സ്കീമുകൾ നടപ്പിലാക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൂക്ഷ്മ പരിശോധന നടത്തി അവ ഗുണകരമാണോ എന്ന് ഉറപ്പുവരുത്താതെ സ്കീമുകൾ നടപ്പാക്കുന്നതുമൂലം ഇത്തരം സ്കീമുകൾക്കനുവദിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ പോയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് പരിഹരിക്കുന്നതിനായി എസ്.സി., എസ്.റ്റി. വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന സ്കീമുകൾ ആ വിഭാഗങ്ങൾക്ക് ഗുണകരമാകത്തക്കവിധം ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിർദ്ദേശം ഗൗരവപൂർവ്വം കണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിവരുന്ന സ്കീമുകൾ ഈ വിഭാഗങ്ങൾക്ക് ഗുണകരമാകത്തക്കവിധം ആണ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കഴിഞ്ഞ മൂന്നുവർഷമായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുകയുടെ 95 ശതമാനത്തിലേറെ ഇതുമൂലം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശുപാർശ നമ്പർ 74

എസ്.സി.പി., ടി.എസ്.പി. ഫണ്ടുകൾ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകമാറ്റി ചെലവഴിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഈ പ്രവണത അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇത്തരം കേസുകളെക്കുറിച്ച് അന്വേഷണം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.സി.പി., ടി.എസ്.പി. ഫണ്ടുകൾ അനുവദിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവ വകമാറ്റി ചെലവഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആ തുക അടുത്തവർഷം പൊതുവിഭാഗം ഫണ്ടിൽ നിന്നും പിൻവലിച്ച് എസ്.സി.പി., ടി.എസ്.പി. ഇനത്തിൽ പരിഹാര തുകയായി അധികം നൽകിവരുന്നു.

ശുപാർശ നമ്പർ 75

ഫണ്ടുകളെ ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കാൻ നടപടി

എസ്.സി.പി., ടി.എസ്.പി., സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് തുടങ്ങിയ ഫണ്ടുകളെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഫണ്ടുകളെ ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശുപാർശ നമ്പർ 77

ട്രൈബൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിന് കൂടുതൽ തുക വകയിരുത്തുന്നത് സംബന്ധിച്ച്

ട്രൈബൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള ഫണ്ട് അപര്യാപ്തമാകയാൽ പ്ലാൻ ഇനത്തിൽ 209 ലക്ഷം രൂപയും, നോൺ പ്ലാൻ ഇനത്തിൽ 375 ലക്ഷം രൂപയും കൂടുതലായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരം 2001-02 വർഷം 40,00,00,000 (40 കോടി രൂപ) വകുപ്പിന് അധികമായി ലഭിച്ചിട്ടുണ്ട്. ടി തുക തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും തിരികെ എടുത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകിയിട്ടുള്ളതാണ്.

**നാലാമത് റിപ്പോർട്ട് (2004-2005)**

ശുപാർശ നമ്പർ 69

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

നടപ്പുസാമ്പത്തിക വർഷം 35 ലക്ഷം രൂപ മാത്രമാണ് ഈ കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക കോർപ്പറേഷന്റെ ഈ വർഷത്തെ

പ്രവർത്തനത്തിന് തുലോം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞത് 4.5 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2004-05 മുതൽ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| വർഷം | തുക |
|---|---|
| 2004-05 | 29,75,000 രൂപ |
| 2005-06 | 3 കോടി രൂപ |
| 2006-07 | 3.5 കോടി രൂപ |
| 2007-08 | 3.4 കോടി രൂപ |
| 2008-09 | 3.5 കോടി രൂപ |

ഈ വർഷം ബഡ്ജറ്റിൽ 3 കോടി രൂപ മൂലധന സഹായവും 2 കോടി രൂപ കടാശ്വാസ പദ്ധതി നടപ്പാക്കുവാനും വകകൊള്ളിച്ചിട്ടുണ്ട്.

**ഒന്നാമത് റിപ്പോർട്ട് (2006-2007)**

ശുപാർശ നമ്പർ 58

വിമുക്തഭടൻമാരുടെ കുട്ടികൾക്ക് ധനസഹായം

വിമുക്തഭടൻമാരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2006-07 സാമ്പത്തികവർഷം 7 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളു. 2005-06 സാമ്പത്തികവർഷം മുതൽ ഈ സ്കോളർഷിപ്പുകളുടെ നിരക്കുകൾ ഇരട്ടിയായി വർദ്ധിപ്പിച്ചതായും പ്രസ്തുത സാമ്പത്തികവർഷം ഈ ഇനത്തിൽ 14.79 ലക്ഷം രൂപ ചെലവഴിച്ചതായും ആയതിനാൽ ഈ വർഷം അനുവദിച്ച 7 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്നും പൊതുഭരണ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 8 ലക്ഷം രൂപകൂടി ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2006-07-ലെ XXV-ാം നമ്പർ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ശുപാർശകളിൻമേൽ ധനമന്ത്രിയുടെ പ്രസ്താവനപ്രകാരം സാമ്പത്തിക സ്ഥിതി പരിഗണിച്ച് അധിക തുക വകയിരുത്തുവാൻ നിവർത്തിയില്ല.

## ശുപാർശ നമ്പർ 74

### കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ പിന്നോക്ക വിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകൾ ശക്തിപ്പെടുത്തുകയാണ് കോർപ്പറേഷന്റെ ലക്ഷ്യം. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് കോർപ്പറേഷൻ ഈ പരിപാടി നടപ്പിലാക്കിവരുന്നത്. ഈ ശീർഷകത്തിൽ 2006-07 വർഷത്തെ ബഡ്ജറ്റിൽ 4.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരുകൾ അവരവരുടെ പ്രദേശത്തുള്ള ന്യൂനപക്ഷ വിഭാഗങ്ങളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി മൂലധനത്തിന്റെ അംശദാനം ചെയ്യേണ്ടതാണ്. ഇപ്രകാരം സംസ്ഥാന വിഹിതമായി 12.42 കോടി രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ നാളിതുവരെ 8.25 കോടി രൂപ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ബാക്കി 4.17 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC)-ന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പരിപാടികൾക്ക് സംസ്ഥാന സർക്കാരുകൾ അവരവരുടെ പ്രദേശത്തുള്ള ന്യൂനപക്ഷ വിഭാഗങ്ങളുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി മൂലധനത്തിന്റെ അംശദാനം ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശമുണ്ട്. ഇപ്രകാരം സംസ്ഥാന വിഹിതമായി 12.42 കോടി രൂപയാണ് സബ്ജക്ട് കമ്മിറ്റിയുടെ 1-ാം റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത് നിശ്ചയിച്ചിരുന്നത്. എന്നാൽ NMDFC-യുടെ മൂലധന നിക്ഷേപം 750 കോടിയിൽനിന്നും 850 കോടിയായി കേന്ദ്ര സർക്കാർ ഉയർത്തുകയുണ്ടായി. ഇതുപ്രകാരം കേരള സംസ്ഥാനത്തിന്റെ വിഹിതം 16.25 കോടിയായി ഉയർന്നു.

2009 ജനുവരിവരെ കേരള സംസ്ഥാനം 12.25 കോടി രൂപ NMDFC-ക്ക് നൽകുകയുണ്ടായി. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയ വർഷം | തുക ലക്ഷത്തിൽ | ജി. ഒ. നമ്പർ ആന്റ് തീയതി |
|---|---|---|
| (1) | (2) | (3) |
| 1995 | 100.00 | ജി.ഒ.(എംഎസ്.) 447/95/ജി.എ.ഡി. തീയതി 3-11-1995 |
| 1998 | 25.00 | ജി.ഒ.(എംഎസ്.) 157/98/ജി.എ.ഡി. തീയതി 27-3-1998 |
| 2003 | 100.00 | ജി.ഒ.(എംഎസ്.) 265/03/ജി.എ.ഡി. തീയതി 3-9-2003 |
| 2003 | 400.00 | ജി.ഒ.(എംഎസ്.) 357/03/ജി.എ.ഡി. തീയതി 6-12-2003 |
| 2004 | 200.00 | ജി.ഒ.(എംഎസ്.) 156/04/ജി.എ.ഡി. തീയതി 29-6-2004 |

| (1) | (2) | (3) |
|---|---|---|
| 2005 | 200.00 | ജി.ഒ.(എംഎസ്.) 174/2005/ജി.എ.ഡി. തീയതി 2-6-2005 |
| 2009 | 200.00 | ജി.ഒ.(എംഎസ്.) 14/2009/ജി.എ.ഡി. തീയതി 19-1-2009 |

മൂലധനമായി ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ബാക്കി നൽകാനുള്ള തുക നൽകുന്ന കാര്യത്തിൽ ഈ വകുപ്പ് ധനകാര്യ വകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്.

**നാലാമത് റിപ്പോർട്ട് (2009-2010)**

ശുപാർശ നമ്പർ 141

വയോജന വിദ്യാഭ്യാസം (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതി)

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവന്നിരുന്നതും 1970-ൽ കേരള ഗ്രന്ഥശാലാ സംഘത്തിന് കൈമാറിയതുമായ ലൈബ്രറികളിലെ ലൈബ്രേറിയൻമാർക്ക് ആനുകൂല്യം നൽകുന്നതിനായുള്ള പദ്ധതിയിൽ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നോൺ പ്ലാൻ ഇനത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവന്നിരുന്നതും 1970-ൽ കേരള ഗ്രന്ഥശാലാ സംഘത്തിന് കൈമാറിയതുമായ ലൈബ്രറികളിലെ ലൈബ്രേറിയൻമാർക്ക് ആനുകൂല്യം നൽകുന്നതിന് നോൺ പ്ലാൻ ഇനത്തിൽ ഈ സാമ്പത്തികവർഷം 15 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള നിർദ്ദേശം ലൈബ്രറി കൗൺസിലിൽനിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

ശുപാർശ നമ്പർ 142

പ്രീമെട്രിക് ഹോസ്റ്റലുകൾ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതി)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതും, പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നതുമായ 91 പ്രീമെട്രിക് ഹോസ്റ്റലുക ളുടെ നടത്തിപ്പിന് ആവശ്യമായ തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. കുട്ടികളുടെ ഭക്ഷണച്ചെലവ് പ്രതിമാസം 700 രൂപയിൽ നിന്ന് 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയേതരയിനത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന 91 പ്രീമെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പിനായി പ്രീമെട്രിക് ഹോസ്റ്റൽ അദർ ചാർജ്ജസിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ബ്ലോക്ക് തലത്തിൽ 126.98 ലക്ഷം രൂപയും മുനിസിപ്പൽ തലത്തിൽ 27.8 ലക്ഷം രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 143

പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുകയെന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പിന്റെകീഴിലുള്ള 17 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾക്ക് ഭക്ഷണച്ചെലവ്, റസിഡന്റ് ട്യൂട്ടർമാരുടെ ഓണറേറിയം, അറ്റകുറ്റപ്പണി, മറ്റു ചെലവുകൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന ഈ പദ്ധതിയിൽ കുട്ടികളുടെ ഭക്ഷണച്ചെലവിന്റെ നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ 50 ലക്ഷം രൂപ പദ്ധതി ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പിനായി 2225-01-227-93-34 അദർ ചാർജസ് എന്ന ശീർഷകത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുളളതിൽ 85.6 ലക്ഷം രൂപ മാത്രമാണ് നവംബർ 2009 വരെ ചെലവായിട്ടുളളത്. അതിനാൽ ഈ വർഷം അധികം തുക ആവശ്യമായിവരുന്നില്ല.

ശുപാർശ നമ്പർ 145

പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനും രൂപീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാനതല ഉപദേശക സമിതി വർഷത്തിൽ 4 പ്രാവശ്യവും ജില്ലാ സമിതി ഓരോ ജില്ലയിലും നാല് പ്രാവശ്യവും യോഗം ചേരേണ്ടതുണ്ട്. അംഗങ്ങൾക്ക് ടി.എ., ഡി.എ. എന്നിവ നൽകുന്നതിനും മറ്റു ചെലവുകൾക്കുമായി 3.6 ലക്ഷം രൂപ പദ്ധതിയേതരയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനും രൂപീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാനതല ഉപദേശക സമിതി 2009-10 വർഷം ഒരുപ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. യോഗം ചേരുന്നതിനുള്ള ആവശ്യത്തിലേക്കായി റീ-അപ്രോപ്രിയേഷനിലൂടെ 55,000 രൂപ സർക്കാരിൽ നിന്നും അനുവദിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 149

10-ാം സ്റ്റാൻഡേർഡുവരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നീ ആനുകൂല്യങ്ങളുടെ നിരക്കിൽ 1-4-2008 മുതൽ 50% വർദ്ധനവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-02-277-79 മെട്രിക്കുലേഷനുമുമ്പുള്ള പഠനങ്ങൾ (നോൺ-പ്ലാൻ) എന്ന ശീർഷകത്തിൽ 1,50,00,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 150

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷനുശേഷമുള്ള പഠനത്തിന് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, പോക്കറ്റ്മണി, ബോർഡിംഗ് ചെലവ് എന്നിവയുടെ നിരക്കിൽ 1-4-2008 മുതൽ 50% വർദ്ധനവ് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈയിനത്തിൽ അധിക തുക ആവശ്യമായി വന്നിട്ടില്ല.

ശുപാർശ നമ്പർ 151

ഗിരിവർഗ്ഗ ഹോസ്റ്റൽ—മറ്റ് ചെലവുകൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന 110 പ്രീമെട്രിക് ഹോസ്റ്റലിലെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഭക്ഷണ ചെലവ് 700 രൂപയിൽനിന്ന് 1300 രൂപയായും, പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലേത് 900 രൂപയിൽ നിന്നും 1500 രൂപയായും വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ 400 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-02-277-94-34—ഗിരിവർഗ്ഗ ഹോസ്റ്റൽ—മറ്റുചെലവുകൾ (നോൺ പ്ലാൻ) ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 152

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂൾ

പട്ടിക വർഗ്ഗ വികസന വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 4986 കുട്ടികൾ പഠിക്കുന്നുണ്ട്. ഈ സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണച്ചെലവ് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് നിലവിലുള്ള 700 രൂപയിൽ നിന്നും 1300 രൂപയായും പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലേക്ക് 900 രൂപയിൽ നിന്നും 1500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 290 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മൂന്ന് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് പ്രസ്തുത ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

### ശുപാർശ നമ്പർ 153

**പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (അധിക കേന്ദ്ര സഹായം)**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യവികസനം പൂർത്തീകരിക്കുന്ന പദ്ധതി 2009-2010 വർഷം സ്പിൽ ഓവർ ആയതിനാൽ സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 48 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തതുപോലെ അധിക തുകയായി 48 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

### ശുപാർശ നമ്പർ 158

ഭൂരഹിതർക്കും ഭവനരഹിതർക്കുമുള്ള സഹായപദ്ധതിക്കായി അപേക്ഷകരില്ലാത്ത അവസ്ഥ ഉണ്ടാകുന്നതായും ഇതിനുകാരണം സർക്കാരിന്റെ ഏതെങ്കിലും ഒരു സ്കീമിൽ ഭവനസഹായ പദ്ധതിപ്രകാരം ഒരു ഗഡുവെങ്കിലും തുക ലഭിച്ചിട്ടുള്ള ഒരു ഗുണഭോക്താവിന് പിന്നീട് മറ്റൊരു സഹായവും മറ്റൊരു സ്കീമിലും ലഭിക്കാത്ത സ്ഥിതി നിലവിലുള്ളതായും ഇക്കാരണത്താൽ സർക്കാരിന്റെ ക്ഷേമപ്രവർത്തന പദ്ധതി പലതും അർഹതപ്പെട്ടവർക്ക് ലഭിക്കാതെ പോകുന്നതായും സമിതി വിലയിരുത്തി. ആയതിനാൽ ഈ സ്ഥിതിവിശേഷത്തിന്റെ ഗൗരവം മനസ്സിലാക്കി സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാപദ്ധതികൾക്ക് അർഹരായവരെ നിശ്ചയിക്കുന്ന നിബന്ധനകളിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതിയിൽ അനുവദിക്കുന്ന ധനസഹായം പൂർണ്ണമായും ഗ്രാന്റായാണ് അനുവദിച്ചു നൽകിവരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് ഭവനനിർമ്മാണത്തിന് വായ്പാപദ്ധതി നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ മേൽ ശുപാർശ പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ നടപ്പിലാക്കാൻ നിർവ്വാഹമില്ല.

### ശുപാർശ നമ്പർ 159

വയനാട് ജില്ലയിൽ ഗ്രാമ പഞ്ചായത്തുകൾ മുഖേന പൈപ്പ് ജലമെത്തിക്കുന്നതിനായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ പദ്ധതി പൂർത്തീകരണത്തിനായി 3.22 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വയനാട് ജില്ലയിൽ "ഗിരിധാര" കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 12.50 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി തുകയിൽ നാളിതുവരെ 950.78 ലക്ഷം രൂപ മാത്രം വിനിയോഗിച്ചിട്ടുള്ളതും അവശേഷിക്കുന്ന തുക സറണ്ടർ ചെയ്തിട്ടുള്ളതുമാണ്. പദ്ധതി നടത്തിപ്പിനെ കുറിച്ച് ആക്ഷേപം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ പോലീസ് വിജിലൻസ് അന്വേഷണം നടന്നുവരുകയാണ്. ആയതിനാൽ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി തുടർ നടത്തിപ്പിനെപ്പറ്റി തീരുമാനമെടുക്കാതെ ഈ ഇനത്തിൽ തുക ചെലവഴിക്കാൻ കഴിയുന്നതല്ല.

ശുപാർശ നമ്പർ 163

കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഓഫീസ് വാടക കെട്ടിടത്തിൽ നിന്നും സർക്കാർ കെട്ടിടത്തിലേക്ക് മാറ്റുന്ന ചെലവുകൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെ സമുദായങ്ങളെ സംബന്ധിച്ച പഠനങ്ങൾ നടത്തുന്നതിന് കമ്മീഷൻ തുടങ്ങാൻ ഉദ്ദേശിക്കുന്ന ആന്ത്രപ്പോളജി റിസർച്ച് വിംഗിന്റെ പ്രവർത്തനത്തിനും 2009-2010 സാമ്പത്തിക വർഷം 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മീഷൻ പുതിയ കെട്ടിടത്തിലേക്ക് മാറുന്ന ആവശ്യത്തിനായി 15 ലക്ഷം രൂപയുടെ അധിക ചെലവിലേക്ക് കമ്മീഷൻ രജിസ്ട്രാർ പ്രൊപ്പോസൽ സർക്കാരിലേക്ക് അയച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിക്കുകയും കമ്മീഷന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായി വിനിയോഗിച്ചശേഷം ആവശ്യമെങ്കിൽ ഇതിനായി തുക അനുവദിക്കുന്നകാര്യം പരിഗണിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

കമ്മീഷനിൽ ഒരു ആന്ത്രപ്പോളജി വിംഗ് തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാനം ആയിട്ടില്ല.

ശുപാർശ നമ്പർ 164 & 165

മെട്രിക്കുലേഷന് ശേഷമുള്ള പഠനം (ഒ.ബി.സി./ഒ.ഇ.സി./എസ്.ഇ.ബി.സി.)

164. സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് നിലവിലുള്ള വരുമാനപരിധി 42,000 രൂപയായി ഏകീകരിക്കുന്നതിനും അവരുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും ഏകീകരിച്ച് യഥാക്രമം 500, 250 രൂപയായി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സർക്കാരിന്റെ സജീവ പരിഗണനയിലായതിനാൽ ഈ ശീർഷകത്തിൽ 595 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

165. <u>മറ്റ് സാമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകളും</u>

ബിരുദാനന്തര ബിരുദ കോഴ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന മുന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് നിലവിലുള്ള വരുമാന പരിധി 42,000 രൂപയായി ഏകീകരിക്കുന്നതിനും ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും ഏകീകരിച്ച് യഥാക്രമം 500, 250 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലായതിനാൽ 560 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കെ.പി.സി.ആർ. വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിച്ചുകൊണ്ടും ഇവ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 42,000 രൂപയായി ഏകീകരിച്ചുകൊണ്ടും സ.ഉ.(എംഎസ്.) നമ്പർ 22/10/പ.വ.വി.വ തീയതി 24-2-2010 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) (അനുബന്ധം 1) പ്രസ്തുത ഉത്തരവ് 2010-2011 അദ്ധ്യയനവർഷം മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ആയതിനാൽ 2225-80-800-99 എന്ന ശീർഷകത്തിൽ 2009-2010-ൽ അധികമായി തുക ആവശ്യമായി വന്നിട്ടില്ല.

<u>ശുപാർശ നമ്പർ 166</u>

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതി വിഭാഗക്കാരെടുത്ത 25,000 രൂപവരെയുള്ള വായ്പ പിഴ പലിശ സഹിതം എഴുതിത്തള്ളുന്നതാണെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2009-2010-ലെ ആദ്യ ഉപധനാഭ്യർത്ഥനവഴി കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്, ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ 25,000 രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനായി രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ നമ്പർ 167</u>

ജസ്റ്റിസ് സച്ചാർ കമ്മിറ്റി ശുപാർശ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനായുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം വിവിധ വകുപ്പുകൾവഴി നടപ്പിലാക്കിവരുന്ന ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സെല്ലിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന ബിരുദ-ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന മുസ്ലീം വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ് നൽകൽ, പ്രീ കോച്ചിംഗ് സെന്ററുകൾ, മദ്രസാദ്ധ്യാപക ക്ഷേമനിധി പെൻഷൻ തുടങ്ങിയ പദ്ധതികൾക്കായി 20 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 11 കോടി

രൂപ മാത്രമാണ് അനുവദിച്ചത്. ആയതിനാൽ പദ്ധതികൾ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമായി ആവശ്യപ്പെട്ടിരുന്ന 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജസ്റ്റിസ് സച്ചാർ കമ്മിറ്റി ശുപാർശ റിപ്പോർട്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനായുള്ള പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പദ്ധതികൾ കൂടുതൽ ഫലപ്രദമായും പൂർണ്ണതോതിലും നടപ്പിലാക്കുന്നതിന് 2010-11-ലെ ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തുന്നതിനുള്ള നിർദ്ദേശം ധനകാര്യവകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ബഹു. സബ്ജക്ട് കമ്മിറ്റിയുടെ ഇക്കാര്യത്തിലുള്ള ശുപാർശ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 168

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിന്റെ വിവിധ പദ്ധതികൾക്കായി പ്ലാൻ ഇനത്തിൽ 2008-09 വർഷത്തിൽ 2404.16 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ 2009-2010 വർഷത്തിൽ പ്ലാൻ ഇനത്തിൽ 1820 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിന്റെ പ്ലാൻ വിഹിതമായി കുറഞ്ഞത് 2406 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമൂഹ്യക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി പ്ലാൻ ഇനത്തിൽ 2008-09 വർഷം സബ്ജക്ട് കമ്മിറ്റി നാലാമത് റിപ്പോർട്ടിൽ 2404.16 ലക്ഷം വകയിരുത്തിയതായി പറയുന്നു. യഥാർത്ഥത്തിൽ 2008-09 വർഷം പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം വകുപ്പിന് 2655.829 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഈ വകുപ്പിൽ നിന്നും സബ്ജക്ട് കമ്മിറ്റിക്ക് നൽകിയ കുറിപ്പിലും 2655.829 ലക്ഷം രൂപയാണ് കാണിച്ചിട്ടുള്ളത്. അതുപോലെ 2009-2010 വർഷം വകുപ്പിന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ 1820 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നു പറയുന്നു. 2009-10-ൽ പ്ലാൻ ഇനത്തിൽ ഈ വകുപ്പിന് അനുവദിച്ചിട്ടുള്ളത് 2646.5 ലക്ഷം രൂപയാണ്. അനുവദിച്ച തുക വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വന്നാൽ പരിഗണിക്കുന്നതാണ്.

ശുപാർശ നമ്പർ 169

2235-02-001-97—പദ്ധതി ആവിഷ്ക്കരണ നിരീക്ഷണ സെൽ

ജെ.ജെ. ആക്ട് നടപ്പിലാക്കുക എന്ന സെല്ലിന്റെ പ്രധാന ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിൽ 10 ജില്ലകളിൽ ശിശുക്ഷേമ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 ജില്ലകളിൽ സമിതികൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഹോൾ ഇൻ ദി വാൾ പ്രോജക്ടിന്റെ മെയിന്റനൻസ്, ജെ.ജെ. ആക്ടിലെ വിവിധ സ്റ്റോക്ക് ഹോൾഡർമാർക്ക് പരിശീലനം നൽകുക, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി തുടങ്ങിയ ജില്ലകളിലേക്ക് ചൈൽഡ് ലൈൻ സർവ്വീസ് വ്യാപിപ്പിക്കുകയും നിലവിലുള്ളവ തുടരുകയും

ചെയ്യുക തുടങ്ങിയ പുതിയ പദ്ധതികൾക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ 75 ലക്ഷം രൂപ കൂടി അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ചൈൽഡ് ലൈൻ പദ്ധതികൾക്കായി സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്) പ്രകാരം 100% ചെലവും കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. അതിൽക്കൂടി എല്ലാ ജില്ലകളിലേക്കും ചൈൽഡ് ലൈൻ വ്യാപിപ്പിക്കുന്നതാണ്. 2235-02-001-97 ശീർഷകത്തിൽ അനുവദിച്ച 25 ലക്ഷം രൂപയിൽ, ചൈൽഡ് ലൈൻ തുടങ്ങിയിട്ടുള്ള ജില്ലകളിൽ നാളിതുവരെ 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക (5 ലക്ഷം രൂപ) ഈ സാമ്പത്തിക വർഷത്തേക്ക് മതിയാകുന്നതാണ്.

<u>ശുപാർശ നമ്പർ 174</u>

<u>വികലാംഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി</u>

നോഡൽ ഏജൻസിയായി സൂചിപ്പിച്ചിട്ടുള്ള സാമൂഹ്യക്ഷേമ വകുപ്പ്, കമ്മീഷണറേറ്റ്, വികലാംഗക്ഷേമ കോർപ്പറേഷൻ, നിഷ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് പുറമേ സോഷ്യൽ സെക്യൂരിറ്റി മിഷനെകൂടി നോഡൽ ഏജൻസിയായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ നിർദ്ദേശപ്രകാരം സോഷ്യൽ സെക്യൂരിറ്റി മിഷനെകൂടി തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതിയുടെ നോഡൽ ഏജൻസിയായി ഉൾപ്പെടുത്തി ജി.ഒ.(ആർറ്റി.)നമ്പർ 387/09/സാക്ഷേവ തീയതി 29-7-2009 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

<u>ശുപാർശ നമ്പർ 175</u>

പേഴ്സൻസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുക എന്ന നിയമപരമായ ബാദ്ധ്യത പൂർത്തിയാക്കുന്ന തിനായി 7 ലക്ഷം വികലാംഗർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ വികലാംഗ സർട്ടിഫി ക്കറ്റും തിരിച്ചറിയൽ കാർഡും നൽകേണ്ടിയിരിക്കുന്നു. ഇതിനായുള്ള മെഡിക്കൽ ബോർഡിന്റെ ചെലവ്, ക്യാമ്പ് സംഘടിപ്പിക്കുക, വികലാംഗരുടെ യാത്രാ ചെലവ് എന്നീ ആവശ്യങ്ങൾക്കായി ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാകയാൽ 340 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വികലാംഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്നതിന് അനുവദിച്ച 3 കോടി രൂപയ്ക്കുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് നൽകുകയും ആ പ്രൊപ്പോസലിനുതന്നെ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അനുവദിച്ച തുക വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമായി വന്നാൽ പരിഗണിക്കാവുന്നതാണ്.

ശുപാർശ നമ്പർ 179

സംയോജിത ശിശു സംരക്ഷണ പരിപാടി

തിരുവനന്തപുരത്തുള്ള മിസ്സിംഗ് ചൈൽഡ് ബ്യൂറോയുടെ പ്രവർത്തനം, ഏഴു ജില്ലകളിൽ മിസ്സിംഗ് ചൈൽഡ് ബ്യൂറോ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതി കൾക്കായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമേ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പുതുതായി മിസ്സിംഗ് ചൈൽഡ് ബ്യൂറോ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. ബഡ്ജറ്റ് പ്രൊവിഷനിലുള്ള 15 ലക്ഷം രൂപയിൽ 8 ലക്ഷം രൂപയ്ക്ക് നിലവിലുള്ള തിരുവനന്തപുരം, എറണാകുളം ബ്യൂറോകൾക്ക് തുടർച്ചാനുമതി മാത്രമേ നൽകിയിട്ടുള്ളൂ. ടി ശീർഷകത്തിൽ സേവിംഗ് ഉള്ള സാഹചര്യത്തിൽ അധിക തുക ആവശ്യമായി വരുന്നില്ല.

ശുപാർശ നമ്പർ 191

അനാഥശാലാ നിയന്ത്രണ ബോർഡ് ചെയർമാന്റെ ഔദ്യോഗിക ചെലവു കൾക്കായി വാഹനം വാടകയ്ക്കു എടുക്കുന്നതിനും റ്റി.എ. ഇനത്തിലും 1,20,000 രൂപ ആവശ്യമായതിനാൽ അത്രയും തുകകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനാഥശാലാ നിയന്ത്രണ ബോർഡ് ചെയർമാന്റെ ഔദ്യോഗിക ചെലവു കൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിനും റ്റി.എ. ഇനത്തിലും 2009-10 സാമ്പത്തികവർഷം അനുവദിച്ച തുക മതിയാകും. ഈ ഇനത്തിൽ അധിക തുക ആവശ്യമില്ല.

ശുപാർശ നമ്പർ 196

വികലാംഗരായ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം :

ഈയിനത്തിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ 44 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-60-200-83 പ്ലാൻ ശീർഷകത്തിൽ നിന്നും 251 പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായി 2,51,000 രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ ഇപ്പോൾ ലഭിച്ചി ട്ടുള്ള 70-ഓളം അപേക്ഷകൾക്ക് ആവശ്യമായ 7 ലക്ഷം രൂപ ചെലവാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

ശുപാർശ നമ്പർ 198

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പെൻഷൻ പദ്ധതി യിൻകീഴിൽ നിലവിൽ 193823 ഗുണഭോക്താക്കളുണ്ട്. 5% വർദ്ധനവുകൂടി

പ്രതീക്ഷിച്ച് 203515 ഗുണഭോക്താക്കൾക്ക് ഒരുവർഷം പെൻഷൻ നൽകുന്നതിലേക്കായി 5128.59 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 4465.58 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ ഗുണഭോക്താക്കളുടെ വർദ്ധനവുമൂലവും പെൻഷൻ തുക വർദ്ധിപ്പിച്ചതുമൂലവും 2009 മാർച്ച് വരെ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം നടത്തുന്നതിന് 419.05 ലക്ഷം രൂപകൂടി ആവശ്യമുണ്ട്. ആയതിനാൽ 1082.06 ലക്ഷം രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

കുടിശ്ശിക കൂടാതെ പെൻഷൻ വിതരണത്തിന് 2517.87 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1765.31 ലക്ഷം രൂപയാണ് അഡീഷണൽ ആതറൈസേഷനിലൂടെ ലഭിച്ചത്. ടി തുക മുഴുവനും പെൻഷൻ വിതരണത്തിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 199

പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് നടപ്പുവർഷം 9100 അപേക്ഷകൾ പ്രതീക്ഷിക്കുന്നു. ആയതിലേക്ക് ആവശ്യമായ 910 ലക്ഷം രൂപ ആവശ്യപ്പെട്ടുവെങ്കിലും 720 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 190 ലക്ഷം രൂപ അധികമായി ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഗുണഭോക്താക്കളുടെ വർദ്ധനവുമൂലം 331.15 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 200 ലക്ഷം രൂപ മാത്രമാണ് അവസാന ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചത്. ടി തുക മുഴുവൻ പെൻഷൻ വിതരണത്തിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 200

അഗതി (വിധവ)കൾക്കുള്ള പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിൽ 325911 ഗുണഭോക്താക്കളുണ്ട്. 5% വർദ്ധനവുകൂടി പ്രതീക്ഷിക്കുന്നതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി തുകയും പെൻഷൻ തുക വർദ്ധിപ്പിച്ചതുമൂലം 2009 മാർച്ച് വരെ കുടിശ്ശിക കൂടാതെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള തുകയും ഉൾപ്പെടെ 3191.53 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഗുണഭോക്താക്കളുടെ വർദ്ധനവും മുൻകാല പ്രാബല്യത്തോടെ പെൻഷൻ തുക വർദ്ധിപ്പിച്ചതുംമൂലം കുടിശ്ശിക പെൻഷൻ വിതരണത്തിന് 9024.44 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 6189.23 ലക്ഷം രൂപ മാത്രമാണ് അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചുതന്നത്. ടി തുക മുഴുവൻ പെൻഷൻ വിതരണത്തിനായി ജില്ലാകളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 201

ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിപ്രകാരം 156871 ഗുണഭോക്താക്കളാണുള്ളത്. 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. 2009 മാർച്ചുവരെ കുടിശ്ശിക കൂടാതെ വർദ്ധിപ്പിച്ച പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള തുകയും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നത് കൊണ്ടുള്ള അധിക തുകയും ഉൾപ്പെടെ 6313.63 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഗുണഭോക്താക്കളുടെ വർദ്ധനവുമൂലം കുടിശ്ശിക പെൻഷൻ വിതരണത്തിന് 2028.67 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 690 ലക്ഷം രൂപ മാത്രമാണ് അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചുതന്നത്. ടി തുക മുഴുവൻ പെൻഷൻ വിതരണത്തിനായി ജില്ലാകളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 202

ഗുണഭോക്താക്കളുടെ വർദ്ധനവും പെൻഷൻ തുകയുടെ വർദ്ധനവുംമൂലം 2009 മാർച്ചുവരെ കുടിശ്ശിക കൂടാതെ വർദ്ധിപ്പിച്ച പെൻഷൻ വിതരണം നടത്തുന്നതിനും ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 264.9 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുടിശ്ശിക കൂടാതെ പെൻഷൻ വിതരണത്തിന് 647.43 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 425.87 ലക്ഷം രൂപ മാത്രമാണ് അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചത്. ടി തുക മുഴുവൻ പെൻഷൻ വിതരണത്തിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

## ഭാഗം II

**റിപ്പോർട്ട് കാലയളവിൽ സമിതി താഴെപ്പറയുന്ന ചട്ടം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

1. പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കുംവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ, 2010.

സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ താഴെപ്പറയുന്ന ചട്ടങ്ങൾ പുറപ്പെടുവിച്ചത് സംബന്ധിച്ച് ഗവൺമെന്റ് നൽകിയ വിശദീകരണം സമിതി പരിശോധിക്കുകയും ഗവൺമെന്റ് നടപടി സാധൂകരിക്കുകയും ചെയ്തു.

1. കേരള (പട്ടികജാതി/പട്ടികഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ചട്ടങ്ങൾ, 2010.

   എസ്.ആർ.ഒ. നമ്പർ 467/2010.

2. ദി കേരള ഷെഡ്യൂൾഡ് കാസ്റ്റ് ഡവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് (അമന്റ്മെന്റ്) റൂൾസ്, 2010.

   എസ്.ആർ.ഒ. നമ്പർ 188/2010.

3. ദി സ്പെഷ്യൽ റൂൾസ് ഫോർ ദി കേരള സോഷ്യൽ വെൽഫെയർ സർവീസ്, 2010.

   എസ്.ആർ.ഒ. നമ്പർ 339/2010

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2011 ഒക്.ടോബ.ർ 17

ഡോ. എം. കെ. മുനീർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

അനുബന്ധം I

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്—പോസ്റ്റ് ഗ്രാഡ്വേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന കെ.പി.സി.ആർ. വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുക എന്നിവ 2010-2011 അദ്ധ്യയനവർഷം മുതൽ വർദ്ധിപ്പിച്ചുകൊണ്ടും ഇവ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 42,000 രൂപയായി ഏകീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി/പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്**

സ.ഉ.(എംഎസ്.) നമ്പർ 22/10/പജപവവിവ. തീയതി, തിരുവനന്തപുരം 24-2-2010

പരാമർശം—. 1. ജി.ഒ.(പി) നമ്പർ 208/66/എഡ്യൂ. തീയതി 2-5-1966.

2. 29-3-2001-ലെ സ.ഉ.(എംഎസ്.)നമ്പർ 28/2001/പജപവവിവ.

3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 25-7-2009-ലെ ഇ3-5021/08 നമ്പർ കത്ത്.

**ഉത്തരവ്**

1. സംസ്ഥാനത്ത് പോസ്റ്റ് ഗ്രാഡ്വേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി/മറ്റ് സമുദായം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും പരാമർശം 2-ലെ ഉത്തരവുപ്രകാരം വർദ്ധിപ്പിച്ചിരുന്നു.

2. എസ്.ഇ.ബി.സി./മറ്റ് സമുദായം വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധിയുടെ അടിസ്ഥാനത്തിലാണ് കെ.പി.സി.ആർ. ആനുകൂല്യം അനുവദിക്കുന്നത്. നിലവിൽ താഴെപ്പറയുന്നപ്രകാരം ആനുകൂല്യങ്ങൾ വർദ്ധിച്ചുവരുന്നു.

| കോഴ്സ് | സ്റ്റൈപ്പന്റ് | | ലംപ്സം ഗ്രാന്റ് | വരുമാന പരിധി |
|---|---|---|---|---|
| | ഡേ സ്കോളേഴ്സ് | ഹോസ്റ്റലേഴ്സ് | | |
| (1) | (2) | (3) | (4) | (5) |
| പി.ജി./പ്രൊഫഷണൽ കോഴ്സുകൾ | 75 | 100 | 200 | 36,000 രൂപ വരെ മുഴുവൻ ഫീസാനുകൂല്യവും വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | | | 36,000-ന് മുകളിൽ 42,000 രൂപ വരെ മുഴുവൻ ഫീസാനുകൂല്യവും വാർഷിക ലംപ്സം ഗ്രാന്റും നൽകുന്നു. |
| പോളിടെക്നിക് കോഴ്സുകൾ | 50 | 75 | 100 | 36,000 രൂപ വരെ മുഴുവൻ ഫീസാനുകൂല്യവും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. 36,000-ന് മുകളിൽ 42,000 രൂപ വരെ മുഴുവൻ ഫീസാനുകൂല്യവും വാർഷിക ലംപ്സം ഗ്രാന്റും നൽകുന്നു |

3. പരാമർശം 2-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കത്തു പ്രകാരം എസ്.ഇ.ബി.സി/മറ്റ് സമുദായം എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് പി.ജി/പ്രൊഫഷണൽ/പോളിടെക്നിക്ക് കോഴ്സുകൾക്ക് കെ.പി.സി.ആർ. വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള വരുമാന പരിധി 42,000 രൂപയായി ഏകീകരിക്കുന്നതിനും ടി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ താഴെപ്പറയുംപ്രകാരം വർദ്ധിപ്പിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തു.

| കോഴ്സ് | സ്റ്റൈപ്പന്റ് | | ലംപ്സം ഗ്രാന്റ് | വരുമാന പരിധി |
|---|---|---|---|---|
| | ഡേ സ്കോളേഴ്സ് | ഹോസ്റ്റലേഴ്സ് | | |
| (1) | (2) | (3) | (4) | (5) |
| പി.ജി./പ്രൊഫഷണൽ കോഴ്സുകൾ | 200 | 250 | 500 | 42,000 രൂപ വരെ മുഴുവൻ ഫീസാനുകൂല്യവും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും |
| പോളിടെക്നിക് കോഴ്സുകൾ | 100 | 150 | 200 | 42,000 രൂപ വരെ മുഴുവൻ ഫീസാനുകൂല്യവും വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 2-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് പി.ജി/ പ്രൊഫഷണൽ/പോളിടെക്നിക്ക് കോഴ്സുകളിൽ പഠനം നടത്തുന്ന എസ്.ഇ.ബി.സി./ മറ്റ് സമുദായം വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ നിരക്കിൽ കെ.പി.സി.ആർ. ആനു കൂല്യങ്ങൾ 2010-2011 അദ്ധ്യയനവർഷം മുതൽ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. ഈ ആനുകൂല്യങ്ങൾക്കുള്ള വാർഷിക വരുമാന പരിധി 42,000 രൂപയായി ഏകീ കരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പോസ്റ്റ് ഗ്രാഡ്വേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക്ക് കോഴ്സുകളിൽ പഠിക്കുന്ന എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് ആനുകൂല്യം വർദ്ധിപ്പിക്കു മ്പോൾ ഉണ്ടാകുന്ന ചെലവ് "2225-03-277-99" എന്ന ശീർഷകത്തിൽ നിന്നും, പോസ്റ്റ് ഗ്രാഡ്വേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക്ക് കോഴ്സുകൾക്ക് പഠിക്കുന്ന മറ്റ് സമുദായം വിദ്യാർത്ഥികൾക്കുള്ള ചെലവ് "2225-80-800-99" എന്ന ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

പോൾ ആന്റണി,
*പ്രിൻസിപ്പൽ സെക്രട്ടറി.*

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഈ ഉത്തരവിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്)

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (3-2-2010-ലെ അനൗദ്യോഗിക കുറിപ്പുനമ്പർ 2380/ ഡബ്ല്യൂ.ഡബ്ല്യൂ3/10/ധനപ്രകാരം)

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവണ്മെന്റ്, തിരുവനന്തപുരം

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

വെബ്സൈറ്റ്

അനുബന്ധം II

## 2010 നവംബർ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സബ്ജക്ട് കമ്മിറ്റി XIII (സാമൂഹ്യസേവനം)-ന്റെ പ്രഥമയോഗം 2010 നവംബർ മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയിലെ എക്സ് ഒഫിഷ്യോ അംഗം ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും താഴെപ്പറയുന്ന മറ്റ് അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു.

1. ശ്രീ. എ. പി. അനിൽകുമാർ, എം.എൽ.എ.
2. ശ്രീ. ടി. പി. കുഞ്ഞുണ്ണി, എം.എൽ.എ.
3. ശ്രീ. എം. കെ. പ്രേംനാഥ്, എം.എൽ.എ.
4. ശ്രീ. യു. സി. രാമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ജോർജ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. രാധാകൃഷ്ണൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പോൾ ആന്റണി, പ്രിൻസിപ്പൽ സെക്രട്ടറി, എസ്.സി/എസ്.ടി. ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ്
2. ശ്രീ. മനോജ് ജോഷി, സെക്രട്ടറി, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്
3. ശ്രീ. ബി.എസ്. മാവോജി, സെക്രട്ടറി, ഹെൽത്ത് ആന്റ് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ്
4. ശ്രീ. വി. ആർ. പത്മനാഭൻ, സെക്രട്ടറി, എസ്.സി/എസ്.ടി. ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ്
5. ശ്രീ. കെ. മധുസൂദനൻ നായർ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീ. പി. പി. ഗോപി, ഡയറക്ടർ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ്
7. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനിക് വെൽഫയർ ഡിപ്പാർട്ടുമെന്റ്

8. ശ്രീ. ജി. പി. രാമചന്ദ്രൻ അഡീഷണൽ സെക്രട്ടറി, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

9. ശ്രീ. കെ. കെ. മണി, അഡീഷണൽ ഡയറക്ടർ, സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെന്റ്

10. ശ്രീ. ടി. വസന്തകുമാർ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

സബ്ജക്ട് കമ്മിറ്റികളുടെ പുനഃസംഘടനയ്ക്ക് ശേഷമുള്ള സബ്ജക്ട് കമ്മിറ്റി XIII -ന്റെ പ്രഥമ യോഗത്തിലേക്ക് സമിതി അംഗങ്ങളെയും മറ്റ് ഉദ്യോഗസ്ഥരെയും സമിതി ചെയർമാൻ സ്വാഗതം ചെയ്തു.

തുടർന്ന് സമിതി താഴെപ്പറയുന്ന കരട് ചട്ടം പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കുംവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ചട്ടങ്ങൾ 2010 (F. No. 11691/SubCE1/2010/Leg)

സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും അവയ്ക്ക് സാധൂകരണം നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

1. The Kerala (Scheduled Castes and Scheduled Tribes) Regulation of Issue of Community Certificates (Amendment) Rules, 2010

   SRO No. 467/2010

   (F. No. 12723/SubCE1/2010/Leg)

2. The Kerala Scheduled Castes Development Subordinate Service (Amendment) Rules, 2010

   SRO No. 188/2010

   (F. No. 13855/SubCE1/2006/Leg)

3. The Special Rules for the Kerala Social Welfare Service, 2010.

   SRO No. 339/2010

   (F. No. 13915/SubCE1/2010/Leg)

ഐ.സി.ഡി.എസ് മേഖലയിൽ (ICDS—Integrated Child Development Scheme) ജോലി ചെയ്യുന്ന യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് പ്രമോഷൻ നൽകണമെന്ന് 2003-ൽ ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ ഉത്തരവുണ്ടായിരുന്നുവെങ്കിലും പ്രസ്തുത പ്രമോഷൻ ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാരോടൊപ്പം മിനിസ്റ്റീരിയൽ സ്റ്റാഫിനെക്കൂടി ഉൾപ്പെടുത്തി (50% വീതം) യിരുന്നുവെന്നും അതുകൊണ്ടുതന്നെ കേരളത്തിൽ സ്ത്രീകൾ മാത്രം പ്രവർത്തിക്കുന്ന ഈ മേഖലയിൽ അവർക്ക് കിട്ടേണ്ടിയിരുന്ന

പല പ്രമോഷനുകളും കിട്ടാതെവരുന്ന സാഹചര്യമായിരുന്നു ഇതുവരെ ഉണ്ടായിരുന്നത്. The Special Rules for the Kerala Social Welfare Service, 2010 നിലവിൽ വന്നതോടുകൂടി സാമൂഹ്യക്ഷേമ വകുപ്പിലുള്ള ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാർ, മിനിസ്റ്റീരിയൽ സ്റ്റാഫിലുള്ളവർ, പ്രൊബേഷനറി ഓഫീസർമാർ എന്നിവർക്കായി 10:3:1 എന്ന റേഷ്യോപ്രകാരം പ്രമോഷൻ നൽകാൻ സാധിച്ചു. ആയത് ഐ.സി.ഡി.എസ് മേഖലയിൽ ജോലി ചെയ്യുന്ന യോഗ്യതയുള്ളവർക്ക് നിഷേധിക്കപ്പെട്ട പ്രമോഷൻ വർഷങ്ങൾക്കുശേഷം നൽകാൻ കഴിഞ്ഞുവെന്നും അർഹതപ്പെട്ടവർക്ക് കിട്ടേണ്ട ആനുകൂല്യം നൽകുവാൻ സാധിക്കുമെന്നുള്ളത് വലിയൊരു കാര്യമാണെന്നും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും സംഘടനാ പ്രതിനിധികളെയും അനുമോദിക്കുന്നുവെന്നും ബഹു. ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പതിനൊന്നാം കേരള നിയമസഭ

1. 2001-02-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

   ഫയൽ നമ്പർ 15365/SubCE1/2001/Leg.

   ഖണ്ഡിക നമ്പർ 71, 73, 74, 75, 77 (പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്).

2. 2004-05-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

   ഫയൽ നമ്പർ 9801/SubCE1/2004/Leg.

   ഖണ്ഡിക നമ്പർ 69 (പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്)

പന്ത്രണ്ടാം കേരള നിയമസഭ

3. 2006-07-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

   ഫയൽ നമ്പർ 12176/SubCE1/2006/Leg.

   ഖണ്ഡിക നമ്പർ 58, 74 (പൊതുഭരണ വകുപ്പ്)

4. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

   ഫയൽ നമ്പർ 15678/SubCE1/2009/Leg.

ഖണ്ഡിക നമ്പർ 141,142,143,145,149,150,151,152,153,158,159,163, 164, 165, 166 (പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്)

ഖണ്ഡിക നമ്പർ 167 (പൊതുഭരണ വകുപ്പ്)

ഖണ്ഡിക നമ്പർ 168,169,174,175,179,191,196,198,199,200,201,202 (സാമൂഹ്യക്ഷേമ വകുപ്പ്).

സമിതിയോഗം രാവിലെ 11.30-ന് പിരിഞ്ഞു.